# തെങ്ങുകയറ്റത്തിന്റെ വിജയകഥയുമായി ദമ്പതിമാർ

**അനിൽ വി ആനന്ദ്**
കോഴിക്കോട്

തെങ്ങുകയറുന്ന സ്ത്രീകളെക്കുറിച്ച് ഒരുപാട് കേട്ടിട്ടുണ്ട്. ഇതിൽ പ്രാവീണ്യം നേടിയ ദമ്പതിമാരെക്കുറിച്ചോ ? മീഞ്ചന്ത സ്വദേശികളായ സുരേന്ദ്രൻ- ലീന ദമ്പതികളാണ് തെങ്ങുകയറി ജീവിതം കരുപ്പിടിപ്പിച്ച് വ്യത്യസ്തരാവുന്നത്. കോഴിക്കോട് ജില്ലാ ഭരണകൂടത്തിന്റെ സ്വാഭിമാൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്താണ് തെങ്ങുകയറുന്നത്. വിദഗ്ധ തൊഴിലാളികളുടെ കുറവ് നികത്താനും തൊഴിൽ അവസരം സൃഷ്ടിക്കാനുമായി 2010ൽ ആരംഭിച്ച പദ്ധതിയാണ് സ്വാഭിമാൻ. 86 പേർ വിവിധ ട്രേഡുകളിലായി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഇതിലെ ഏക തൊഴിലാളി ദമ്പതികളാണ് ലീനയും സുരേന്ദ്രനും.



സുരേന്ദ്രനും ലീനയും ജോലിയിൽ

ടൈലറിംഗ് പഠിച്ചുകൊണ്ടിരിക്കെ വനിതാ കമ്മീഷൻ ചെയർപേഴ്സണായിരുന്ന ജസ്റ്റിസ് ശ്രീദേവിയാണ് ലീനയോട് മാത്തറയിൽ കാനറബാങ്കിന്റെ നേതൃത്വത്തിൽ തെങ്ങുകയറ്റത്തിൽ പരിശീലനം നൽകുന്ന കാര്യം പറഞ്ഞത്. കോൺക്രീറ്റ് പണി ചെയ്തിരുന്ന ഭർത്താവിനോട് കാര്യം പറഞ്ഞു. നീ പോയി പഠിച്ചുവാ.., എന്നിട്ട് ഞാൻ പഠിക്കാം എന്നായിരുന്നു സുരേന്ദ്രന്റെ മറുപടി. ആറു ദിവസത്തെ ട്രെയിനിംഗ് ഉണ്ട്. അത്രയും ദിവസം ഭർത്താവ് ജോലിക്ക് പോയില്ലെങ്കിൽ മൂന്നു മക്കളുള്ള കുടുംബം പട്ടിണിയിലാവും. മക്കളിൽ മൂത്തയാളും ഏറ്റവും ഇളയകുട്ടിയും വൈകല്യമുള്ളവരാണ്. ജീവിത പ്രാരാബ്ധങ്ങൾക്കു നടുവിൽ നിവൃത്തിയില്ലാതെ വെല്ലുവിളി ഏറ്റെടുക്കുകയായിരുന്നു ലീന.

യന്ത്രമുപയോഗിച്ചുള്ള തെങ്ങുകയറ്റത്തിൽ പരിശീലനം നേടിയതോടെ 2011ൽ സ്വാഭിമാൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്തു. ഉപകരണവും ലഭിച്ചു. പിന്നെ ഭർത്താവിനെ തെങ്ങുകയറ്റം പഠിപ്പിച്ച് ലീന ഗുരുവായി. അദ്ദേഹത്തെയും സ്വാഭിമാൻ പദ്ധതിയിൽ ചേർത്തു. ഇതോടെ സ്വാഭിമാൻ പദ്ധതിയുടെ അഭിമാനമാവുകയായിരുന്നു ഈ ദമ്പതികൾ.

ലീന ദിവസം 25ഓളം തെങ്ങിൽ കയറും. സുരേന്ദ്രൻ കുറഞ്ഞത് മുപ്പത് തെങ്ങിലും. തെങ്ങൊന്നിന് 25 രൂപ വാങ്ങും. ലഭിക്കുന്ന കൂലിയുടെ അഞ്ച് ശതമാനം സ്വാഭിമാനിൽ അടക്കണം. ഫോൺ കോൾ വഴിയും മെസ്സേജിലൂടെയും അല്ലാതെയും ആളുകൾ ജോലിക്ക് വിളിക്കും. മീഞ്ചന്ത, നല്ലളം, വട്ടക്കിണർ തുടങ്ങിയ പ്രദേശങ്ങളിലാണ് ഇവർ തെങ്ങുകയറുന്നത്. ദിവസവും ഒരുപാട് പേർ ജോലിക്ക് വിളിക്കുന്നുണ്ട്. മക്കളുടെ ചികിത്സയും മറ്റും നോക്കാൻ സാധിക്കുന്നു എന്നത് ചില്ലറ ആശ്വാസമൊന്നുമല്ല ഇവർക്ക് പകരുന്നത്. ചിലപ്പോഴൊക്കെ കടന്നലും ഉറുമ്പും ജോലിക്കിടയിൽ വില്ലൻമാരാകും. എന്നാൽ ഇതിനെയൊക്കെ തരണം ചെയ്ത് മുന്നോട്ട് പോകാൻകഴിയുന്നുണ്ടെന്ന് ലീന പറഞ്ഞു.

ഗുരുവായൂരപ്പൻ കോളജിൽ നിന്ന് പ്രീഡിഗ്രി കഴിഞ്ഞ ലീന മൊബൈൽ ടെക്നോളജിയിലും കമ്പ്യൂട്ടറിലും പരിശീലനം നേടിയിട്ടുണ്ട്. പലരും ജോലി തേടി അലയുമ്പോൾ തിരക്കുകാരണം പറയുന്ന ദിവസം തന്നെ തേങ്ങപറിച്ചുകൊടുക്കാൻ കഴിയാത്തതിലുള്ള വിഷമം മാത്രമേ തങ്ങൾക്കുള്ളൂവെന്നാണ് സുരേന്ദ്രൻ പറയുന്നത്. മൂത്തമകൻ ഷാരോൺ കാലിക്കറ്റ് ഹയർസെക്കന്ററി ഫോർ ഹാന്റികാപ്പിഡിൽ പ്ലസ് വൺ വിദ്യാർത്ഥിയാണ്. രണ്ടാമത്തെ മകൻ ഷിമോൺ അരീക്കാട് സ്കൂളിൽ നാലാം ക്ലാസിലും ഇളയ മകൻ സ്മൃതീഷ് അംഗൻവാടിയിലും പോകുന്നുണ്ട്. നാളികേര കർഷകർ തേങ്ങക്കു താങ്ങുവില തേടുമ്പോഴും ജീവിതം താങ്ങി നിർത്താൻ ജോലി കിട്ടിയതിന്റെ സുരക്ഷിതത്വത്തിലാണ് ഈ ദമ്പതിമാർ.